126 (544) കോട്ടയം ജില്ലയിലെ മരാമത്ത് പണികൾ

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ചീഫ് എൻജിനീയറുടെ ഫണ്ടിൽ നിന്നും എത്ര വർക്കുകൾ 96-97, 97-98, 98-99 എന്നീ വർഷങ്ങളിൽ ചെയ്തിട്ടുണ്ടെന്നും അവയ്ക്ക് എത്രകോടി രൂപ ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഈ വർക്കുകൾ ഏതെല്ലാം എന്നും ഓരോ വർക്കിനും എത്ര രൂപയാണ് എസ്റ്റിമേറ്റ് എന്നും വ്യക്തമാക്കുമോ;

(സി) 99-2000 വർഷത്തിൽ കോട്ടയം ജില്ലയിൽ ചീഫ് എൻജിനീയറുടെ മൊത്തം തുകയിൽ എത്ര വർക്കുകൾ ടെൻഡർ ചെയ്തിട്ടുണ്ട്;

(ഡി) ഈ വർക്കുകൾ ഏതെല്ലാം എന്നും ഓരോ വർക്കിലും എത്ര രൂപ എസ്റ്റിമേറ്റ് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 96-97-ൽ 89 പണികൾക്കായി 49,38,000 രൂപയും 97-98-ൽ 93 പണികൾക്കായി 1,16,08,811 രൂപയും 98-99-ൽ 30 പണികൾക്കായി 3,03,84,277 രൂപയും ചീഫ് എൻജിനീയറുടെ ഫണ്ടിൽ നിന്നും ചെലവായിട്ടുണ്ട്.

(ബി) വിശദ വിവരങ്ങൾ അനുബന്ധം 1-ൽ കൊടുത്തിട്ടുണ്ട്. †

(സി) 45 വർക്കുകൾ ടെൻഡർ ചെയ്തിട്ടുണ്ട്.

(ഡി) വിശദവിവരങ്ങൾ അനുബന്ധം 2-ൽ കൊടുത്തിട്ടുണ്ട്. †

127 (547) പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവർത്തിക്കേണ്ട മാനദണ്ഡം

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് വകുപ്പ് നിർമ്മിക്കുന്ന റോഡ്, പാലം, കെട്ടിടങ്ങൾ ഇവയുടെ നിർമ്മാണ സമയത്ത് അനുവർത്തിക്കേണ്ട മാനദണ്ഡം കോൺട്രാക്ടർമാർ കർശനമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഇക്കാര്യത്തിൽ വിട്ടു വീഴ്ച ചെയ്യുന്നെങ്കിൽ മേൽപ്പറഞ്ഞ പണികളുടെ ഉറപ്പും, ഈടും, കാലപ്പഴക്കവും ഉദ്ദേശിക്കുന്ന തരത്തിൽ ഉണ്ടാകില്ലെന്ന കാരണത്താൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കർശനമായി പാലിക്കാൻ കൂടുതൽ ഉദ്യോഗസ്ഥൻമാരെ നിയോഗിക്കുമോ;

---

† ലൈബ്രറിയിൽവച്ചിട്ടുണ്ട്.

† ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly